തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) കൃത്യമായ വിവരം ലഭ്യമല്ല, എങ്കിലും ഇന്ത്യയിൽ ഇപ്പോൾ ആകെയുള്ള 415 ലക്ഷം തൊഴിൽ രഹിതരിൽ 39 ലക്ഷം പേരും കേരളത്തിൽ നിന്നാണ്. ഇത് ഇന്ത്യയിലെ മൊത്തം തൊഴിൽ രഹിതരുടെ 9.4% വരും.

(സി) സംസ്ഥാനത്ത് തൊഴിലില്ലാത്ത 3,87,370 പേർക്ക് ഇപ്പോൾ തൊഴിലില്ലായ്മാ വേതനം നൽകി വരുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല

(ഇ) 2001 ജൂൺ മാസം വരെയുള്ള തൊഴിലില്ലായ്മാ വേതനമാണ് ഏറ്റവും ഒടുവിൽ നൽകിയിട്ടുള്ളത്.

(എഫ്) 7/01 മുതൽ 12/03 വരെയുള്ള 30 മാസത്തെ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിനായി 387,370 ഗുണഭോക്താക്കൾക്ക് പ്രതിമാസം 120 രൂപ ക്രമത്തിൽ 139,45,32,000 രൂപ കുടിശ്ശികയായിട്ടുണ്ട്.

അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

*9 [99] ശ്രീമതി ഗിരിജാസുരേന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഓരോന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം തരത്തിലുള്ള പ്രശ്നങ്ങളാണ് വ്യവസായ മേഖല നേരിട്ടുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലും സഹകരണ മേഖലയിലും ഉള്ള വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ ഉൽപ്പാദനം ഭാഗികമായോ പൂർണ്ണമായോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യവസായങ്ങൾ അടച്ചു പൂട്ടിയതിന്റേയും പ്രവർത്തനരഹിതമായതിന്റേയും ഫലമായി മൊത്തം എത്ര പേർക്ക് ഇതിനകം തൊഴിൽ നഷ്ടപ്പെടുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ ഓരോന്നായി അടച്ചുപൂട്ടികൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. എന്നാൽ ചില വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ വരുന്ന 32 വ്യവസായ സ്ഥാപനങ്ങളും ചെറുകിട വ്യവസായ മേഖലയിൽ (സ്വകാര്യ മേഖല) ഏകദേശം 1860 യൂണിറ്റുകളും അടച്ചുപൂട്ടിയിട്ടുണ്ട്. പൊതുമേഖലയിൽ 9 വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ഡി) കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളിൽ 3119 പേർക്കും, ചെറുകിട മേഖലയിൽ 5710 പേർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പൊതുമേഖലയിൽ 1994 മുതൽ 3810 ജീവനക്കാർക്ക് വി. ആർ. എസ്. നൽകുകയോ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

*10 [100] ശ്രീ. എ. കെ. ബാലൻ:
,, മത്തായി ചാക്കോ:
,, പി. ജയരാജൻ:
,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങളിലെ കുടിശ്ശികക്കാർക്ക് ഏർപ്പെടുത്തിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന-ജില്ലാ-പ്രാഥമിക വായ്പ, സംഘങ്ങളിൽ ഏത് തീയതി മുതൽ കുടിശ്ശികയായിട്ടുള്ള വായ്പകൾക്കാണ് സ്കീം ബാധകമായിട്ടുള്ളത്;

(സി) കാർഷിക വ്യാവസായിക മേഖലയിലെ പ്രതിസന്ധിമൂലം യഥാർത്ഥത്തിൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിനുതകുന്ന നടപടികൾ സ്വീകരിക്കുമോ;

† അനുബന്ധം-II & II(a).

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[22-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9 (99) കാണുക]

കേരളത്തിലെ വ്യവസായ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ

1. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും സമയോചിതമായി ബാങ്കിൽ നിന്ന് പ്രവർത്തനമൂലധനത്തിന്റെ ലഭ്യതയില്ലായ്മയും.
2. ഉയർന്ന തോതിലുള്ള വിദ്യുച്ഛക്തി നിരക്ക്, വൈദ്യുതി തടസ്സം കൂടാതെ കിട്ടാത്തതുമായ സാഹചര്യം.
3. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലായ്മയും വിലകൂടുതലും.
4. സാങ്കേതിക മേന്മക്കുറവ്കൊണ്ട് ചില ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ മാന്ദ്യത നേരിടുന്നു.
5. ഒറ്റപ്പെട്ട തൊഴിൽ പ്രശ്നങ്ങൾ.
6. കേരളത്തിലെ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചെലവ്.
7. അന്യ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഉയർന്ന വിൽപ്പന നികുതി.
8. അന്യ സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ നിലവിലുള്ള ഉയർന്ന വേതന നിരക്ക്.
9. തുടരെത്തുടരെയുണ്ടാകുന്ന ഹർത്താലുകളും അതിനാലുണ്ടാകുന്ന ഉൽപ്പാദന നഷ്ടവും ഉൽപ്പാദന മേഖലയെ വളരെ ദോഷമായി ബാധിച്ചുകൊണ്ടിരിക്കുന്നു.
10. മികച്ച സാങ്കേതിക വിദ്യയുടെ അഭാവം.
11. സമയോചിതമായ വൈവിധ്യവൽക്കരണം, നവീകരണം എന്നിവയുടെ അഭാവം.
12. ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ നേരിടേണ്ടിവരുന്ന കടുത്ത മത്സരം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II(a)

[22-11-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9 (99) കാണുക]

Particulars of closed units

Sl. No.	*Name of Unit*	*Location/ District*	*Date of Closure*	*Project Cost*	*Empl. (Nos.)*	*KSIDC Invest*	*Reason for Closure*	*Steps taken to restart/ present status*
(1)	*(2)*	*(3)*	*(4)*	*(5)*	*(6)*	*(7)*	*(8)*	*(9)*
1	Kanoil Foods Ltd.	Alappuzha	2002-03	200	40	98.51	Marketing constraints	Revenue authorities initiated action against guarantors
2	Integrated Rubian Exports Ltd.	Alappuzha	2003-04	1284	122	21	Marketing and financial problems	Unit referred to BIFR
3	AMA Food Products (P) Ltd.	Ernakulam	30-7-2001	162	70	105.00	Default in repayment	and handed over to official
4	Beena Apparels Ltd	Ernakulam	1-6-2001	148.5	15	87.00	Default in repayment	Taken over u/s 29
5	Bharath Agro Processors (P) Ltd.	Ernakulam	8-8-2001	348	97	150.00	Divertion of funds	Taken over u/s 29
6.	Ron Maritime Ltd. (Oil Barge)	Ernakulam	3-2-2002	123	20	55.00	Default in repayment	Taken over u/s 29
7	Edathala Polymers	Ernakulam	22-2-2002	222	68	90.00	Labour problems	KSIDC Accounts settled
8	Travancore Rayons Ltd.	Ernakulam	2001-02	4200	1569	1175.00	Financial problems	Unit under BIFR
9	Kairali Dyes & Chemicals Pvt. Ltd.	Ernakulam	2001-02	184	12	100.00	Management failure/ lack of resources	Units sold, RR against guarantors
10	Emson Treat wood Ltd.	Ernakulam	May-02	210	15	90.80	Management Problem	Units sold, RR against guarantors
11	Gabbi Foods (P) Ltd.	Ernakulam	May-03	680	36	340.00	Taken over by u/s 29	Steps taken for sale of assets
12	Johan plastmet (P) Ltd.	Ernakulam	Dece-00	74	36	66.50	Financial problem	OTS approved

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
13	Nesco Information Systems (P) Ltd.	Ernakulam	Sept-01	110	115	55.20	Marketing & Management problem	Eviction notice issued by CSEZ, RR notice issued
14	Periyar Chemicals Ltd.	Ernakulam	Aug-00	184	130	18.50	Financial & Management problem	The revival package given to the company in which conditions to be fulfilled by the promoter
15	Re-inform (P) Ltd.	Ernakulam	Sep-00	85	51	32.34	Management problem	OTS approved
16	Hyrange Wood Treats (P) Ltd.	Kannur	Aug-02	185	60	100.45	Financial problem	OTS proposal is being submitted by company
17	Abhaya Hospitals Ltd.	Palakkad	2003-04	200	50	73.00	Financial problem due to misunderstanding	OTS arrived at
18	Jyothish Dyes & Pigments Pvt. Ltd.	Palakkad	2003-04	500	75	119.72	Financial Problem	OTS arrived at
19	Gagi apparels Ltd.	Palakkad	2001-02	184	30	111.63	Marketing and financial Problems managerial deficiency	Revenue authorities attached the unit and plant & machinery were sold.
20	CUM Polymers Pvt. Ltd.	Palakkad	2002-03	150	20	73.00	Marketing and financial problem	RR authorities attached the unit
21	Neelima Oil Mills Ltd.	Palakkad	2001-02	158	50	93.90	Marketing and financial problem Managerial deficiency	R Authorities attached the unit OTS negotiation with the promoter failed.
22	Teaktex Processing Complex	Palakkad	22-11-01	6500	120	763.00	Financial problem and Labour problem	Under the purview of BIFR revival scheme is being finalised.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
23	Srivijay Processors	Palakkad	2001-02	135.96	35	89.00	Marketing and financial problem Managerial deficiency	RR Authorities attached the Unit
24	Athulya Cements Pvt. Ltd.	Palakkad	2001-02	286.8	17	157.31	Financial problem and Managerial deficiency	RR authorities attached the Unit
25	Dolex Knitwear Pvt. Ltd.	Palakkad	28-11-2002	104.85	25	64.77	Marketing and financial problem managerial deficiency.	OTS arrived at only part of the amount was paid RR authorities attached the Unit
26	Welt Knitters	Palakkad	2001-02	119.6	18	83.73	Marketing and financial problem	RR authorities attached the unit.
27	Vijay Sai Apparels	Palakkad	2000-01	46	60	23.50	Marketing and financial problem Managerial deficiency	RR authorities attached the Unit
28	Fresh Coconut Products (P) Ltd.	Thrissur	22-12-2001	252	52	91.55	Mis management	Advertised for sale
29	Safa Leather Exports (P) Ltd.	Thrissur	Apr-02	170	15	100.00	Marketing problem	OTS under approval
30	Teejan Beverages (P) Ltd.	Thrissur	May-02	77	6	60.00	Marketing problem	OTS approved
31	Indsoft Infotech Ltd.	Trivandrum	2001-02	436	75	258.00	Marketing and Financial problem Managerial deficiency	RR authorities attached the Unit
32	Western Edible Oil Complex Ltd.	Wayanad	2001-02	175	15	88.32	Management Failure	Taken over the unit RR action against guarantors.
	TOTAL (33 Units)			**17873**	**3119**	**4835.53**		
	Unit reopened							
	Hindustany Cylinder Co.	Trivandrum	23-4-02	178	72	77.75	Lack of orders from IOC etc.	Unit under BIFR

Page 6

Public Sector Undertakings ordered for closure as per ERC recommendations

1. Trivandrum Spinning Mills Ltd.
2. Kerala Soaps & Oils Ltd.
3. Porcelain Division of the Kerala Ceramics Ltd.
4. Malabar Spinning & Weaving Mills (A unit of Kerala State Textile Corporation)
5. Kerala Construction Components Ltd.
6. Metropolitan Engineering Company Ltd.
7. Keltron Rectifiers Ltd.
8. Scooters Kerala Ltd.
9. Olavacode unit of Kerala Electrical & Allied Engineering Company Ltd.

അനുബന്ധം III

[22-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 14 (104) കാണുക]

കേരളത്തെ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റാനായി പുതിയ വ്യവസായ നയം, തൊഴിൽനയം, വിവര സാങ്കേതിക നയം എന്നിവ പ്രഖ്യാപിച്ചു.

കേരളത്തിൽ ഇദംപ്രഥമമായി ഒരു ആഗോള നിക്ഷേപക സമ്മേളനം (ജിം) കൊച്ചിയിൽ സംഘടിപ്പിച്ചു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനത്തിൽ 26000 കോടി രൂപയിലേറെ നിക്ഷേപ വാഗ്ദാനങ്ങൾ ഉണ്ടായി. ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുവാനും അവ നടപ്പിലാക്കുന്നതിന് ഒത്താശകൾ നൽകുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചു.

കേരളത്തിലെ പ്രമുഖ വ്യവസായികളുടെ സമ്മേളനങ്ങൾ നടത്തി.

വിദേശികളേയും പ്രവാസി മലയാളികളേയും കേരളത്തിലേക്ക് ആകർഷിക്കാനായി ഉന്നതതലസംഘങ്ങൾ ഇവരെ കണ്ട് സംഭാഷണങ്ങൾ നടത്തി വരുന്നു.

കേരളത്തിനുപുറത്ത് വൻ നഗരങ്ങളിലും വിദേശത്തും 'റോഡ്ഷോകൾ' സംഘടിപ്പിച്ചു.

അടുത്ത രണ്ടര വർഷത്തിനുള്ളിൽ കേരളത്തെ ഒരു മുൻനിര ഐ. ടി. സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ വികസനം, കൊച്ചിയിൽ പുതിയ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ മുതലായവ ഇതിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly